മുറയ്ക്ക് പണി നിർവ്വഹിച്ചുവരുന്നു. എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് കൃത്യമായി പറയാൻ നിർവ്വാഹമില്ല.

II. അടിയന്തിരപ്രമേയം

മല്ലപ്പള്ളി കീഴ്വായ്പ്പൂരിൽ പോലീസ് കസ്റ്റഡിയിൽ വച്ച് മോഹനൻ എന്നയാൾ മരിച്ചത് സംബന്ധിച്ച്

9.30 A.M.

മി. സ്പീക്കർ : ഒരു മോഷണക്കേസിൽ നാട്ടുകാർ പിടിച്ച് കീഴ്വായ്പ്പൂർ പോലീസിന് കൈമാറിയ പ്രതി മല്ലപ്പള്ളി പരിയാരം ഇല്ലത്ത് വീട്ടിൽ മോഹനൻ പോലീസ് കസ്റ്റഡിയിൽ വച്ച് മരിച്ചതിനെത്തുടർന്ന് ആ പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ചട്ടം 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. മാമ്മൻ മത്തായി, ശ്രീ. കെ. ബാബു, ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ. യും ഒരു സബ്മിഷൻ നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പത്തനംതിട്ടയിലെ മല്ലപ്പള്ളി ചക്കാലയിൽ 72 വയസ്സുള്ള അന്നമ്മാ ജോൺ അവരുടെ വീടിനടുത്തുള്ള ഇടവഴിയിലൂടെ നടന്നുപോകുമ്പോൾ ജൂൺ 29-ാം തീയതി ഉച്ചയ്ക്ക് മൂന്നു മണിയോടെ അവരുടെ കഴുത്തിൽ കിടന്നിരുന്ന രണ്ടു പവൻ തൂക്കം വരുന്ന സ്വർണ്ണമാല മല്ലപ്പള്ളി പരിയാരം സ്വദേശി മോഹനൻ പൊട്ടിച്ചെടുത്തുകൊണ്ട് ഓടിപ്പോയി. വൃദ്ധയായ അന്നമ്മാ ജോൺ ബഹളം ഉണ്ടാക്കുകയും അതുകേട്ട് ഓടിക്കൂടിയ നാട്ടുകാർ മോഹനനെ ഓടിച്ചിട്ട് പിടിക്കുകയും ചെയ്തു. നാട്ടുകാരെ തട്ടിമാറ്റി ഓടിപ്പോകാൻ ശ്രമിച്ച മോഹനനെ അവർ ബലം പ്രയോഗിക്കുകയും കീഴ്പ്പെടുത്തുകയും കെട്ടിയിടുകയും ചെയ്തു. കീഴ്വായ്പ്പൂരിലെ പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചതനുസരിച്ച് പോലീസ് സ്ഥലത്തെത്തി. മോഹനനെ കൂട്ടിക്കൊണ്ടു പോയി ക്രൈം 123/99-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. തന്നെ പിടികൂടിയ സമയം നാട്ടുകാർ മർദ്ദിച്ചതായി മോഹനൻ പരാതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ കീഴ്വായ്പ്പൂർ പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മോഹനൻ മറ്റു രണ്ട് സ്വർണ്ണ ഉരുപ്പടികൾ കൂടി മോഷണം നടത്തിയിട്ടുള്ളതായും അത് കീഴ്വായ്പ്പൂരിലുള്ള ഒരു സ്വർണ്ണ പണമിടപാട് സ്ഥാപനത്തിൽ പണയം വച്ചതായിട്ടും പോലീസിനോട് പറഞ്ഞു. അതിന്റെ സത്യാവസ്ഥ അന്വേഷിച്ച് അറിയുന്നതിലേയ്ക്ക് മോഹനനെ പണമിടപാട് സ്ഥാപനത്തിൽ കൊണ്ടുപോയി. അന്വേഷണം നടത്തിയതിനുശേഷം പോലീസ് സ്റ്റേഷനിൽ തിരികെ കൊണ്ടുവന്നു. ഉച്ചയ്ക്ക് രണ്ടു മണിയോടെ മോഹനന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയും അടിയന്തിര ചികിത്സയ്ക്കായി പോലീസ് സ്റ്റേഷന് അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോകുകയും ചെയ്തു. അടിയന്തിരമായി വിദഗ്ദ്ധ ചികിത്സ ആവശ്യമാണെന്നു ഡോക്ടർമാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി. മെഡിക്കൽ കോളേജാശുപത്രി കാഷ്വാലിറ്റിയിൽ എത്തിയപ്പോഴാണ് അദ്ദേഹം മരണമടഞ്ഞത്. ആർ.ഡി.ഒ. യുടെ സാന്നിധ്യത്തിൽ പ്രേതവിചാരണ റിപ്പോർട്ട് തയ്യാറാക്കുകയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. മോഹനൻ മരണമടഞ്ഞതിനെത്തുടർന്ന് ഐ.പി.സി. 302-ാം വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ പ്രകാരം പോലീസ് കേസ് എടുത്തിട്ടുണ്ട്. അന്വേഷണവിധേയമായി കീഴ്വായ്പ്പൂർ സബ് ഇൻസ്പെക്ടറെ ഈ സംഭവത്തെ ആസ്പദമാക്കി സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. മോഹനന്റെ മരണത്തെത്തുടർന്ന് ഇന്നലെ മല്ലപ്പള്ളി വിശ്വകർമ്മ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു ധർണ നടന്നു. സ്ഥലത്ത് ഇപ്പോൾ സംഘർഷാവസ്ഥ നിലവിലില്ല. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

<u>ശ്രീ. മാമ്മൻ മത്തായി</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞ കാര്യങ്ങളിൽ ചില വസ്തുതകൾ ശരിയാണെങ്കിലും പൂർണ്ണമായും ശരിയല്ല എന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ആരുടെ പേരിൽ കുറ്റം ആരോപിക്കപ്പെടുന്നുവോ അവർ എഴുതിക്കൊടുത്ത ഒരു റിപ്പോർട്ട് എന്നുള്ള നിലയിൽ തന്നെ വാസ്തവവിരുദ്ധമായ പ്രസ്താവനകൾ ഉണ്ടാകും എന്നതിൽ എനിക്ക് അത്ഭുതമില്ല. അതിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. ബഹു: മുഖ്യമന്ത്രി ഈ സഭയിൽ സൂചിപ്പിച്ചതുപോലെതന്നെ 1999 ജൂൺ മാസം 29-ാം തീയതി ഉച്ചയ്ക്ക് മുൻപ് 11 മണിയോടുകൂടി മല്ലപ്പള്ളി ജംഗ്ഷനും പാടിമണ്ണിനും ഇടയ്ക്കുള്ള ചേർത്തോട് എന്ന സ്ഥലത്തുവച്ച് ചക്കാലയിൽ അന്നമ്മ എന്ന വൃദ്ധയുടെ കഴുത്തിൽ കിടന്ന മാല പരിയാരം ഇല്ലത്ത് നാരായണൻ മകൻ മോഹനൻ പൊട്ടിച്ചെടുത്ത് ഓടിപ്പോയതോടെയാണ് സംഭവം തുടങ്ങുന്നത്. പക്ഷേ ബഹു. മുഖ്യമന്ത്രി മനഃപൂർവ്വം ഈ കേസ്സിലെ പ്രതികളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ഉച്ചയ്ക്ക് 11 മണിയ്ക്കു മുൻപായി നടന്ന സംഭവം ഉച്ച കഴിഞ്ഞ് മൂന്നു മണിക്കാണ് നടന്നത് എന്നിവിടെ സൂചിപ്പിക്കുകയുണ്ടായി. ഓടിപ്പോയ മോഹനനെ നാട്ടുകാർ ഓടിച്ചിട്ട് പിടികൂടി. 12 മണിക്കു മുൻപായി. മോഹനനെ കീഴ്വായ്പ്പൂർ നിന്നും പോലീസുകാരെ വരുത്തി അവരെ ഏല്പിച്ചു. അന്നേ ദിവസം പോലീസ് സ്റ്റേഷനിൽ വച്ച് മോഹനനെ എസ്.ഐ. മാരും പോലീസ് കോൺസ്റ്റബിൾമാരും അതിക്രൂരമായി മർദ്ദിച്ചു. തുടർന്ന് 30-ാം തീയതി ഉച്ചയ്ക്കു മുൻപായി മല്ലപ്പള്ളി ജംങ്ഷനിലെ മുത്തൂറ്റ് ഉൾപ്പെടെയുള്ള ചില സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ തെളിവെടുക്കുന്നതിനായി പോലീസ് ജീപ്പിൽ മോഹനനെ കൊണ്ടുപോയി. എസ്.ഐ. യും പോലീസ് കോൺസ്റ്റബിൾമാരും മോഹനനോടൊപ്പം ഉണ്ടായിരുന്നു. തെളിവെടുപ്പിനുശേഷം വീണ്ടും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. എന്നാൽ തെളിവെടുക്കാൻ കൊണ്ടുപോയ സമയം ആ തെളിവെടുപ്പിൽ നിന്നും കാര്യമായ പ്രയോജനമൊന്നും കിട്ടാത്തതിൽ വച്ച് കുപിതരായ എസ്. ഐ.യും കോൺസ്റ്റബിൾമാരും തിരിച്ച് പോലീസ് സ്റ്റേഷനിൽ കൊണ്ടുചെന്ന് വീണ്ടും അതിക്രൂരമായി മർദ്ദിച്ചു. പോലീസ് കസ്റ്റഡിയിൽവച്ച് മോഹനൻ മരിക്കുകയാണുണ്ടായത്. ഇതിനെ തുടർന്ന് വിശ്വകർമ്മ സമിതിയും ഐക്യജനാധിപത്യ മുന്നണിയും ഇന്നലെ മല്ലപ്പള്ളിയിൽ ആഹ്വാനം ചെയ്തതനുസരിച്ച് ഹർത്താൽ നടത്തുകയുണ്ടായി. പോലീസ് സ്റ്റേഷൻ മാർച്ച് നടത്തുകയുണ്ടായി. ഈ മോഹനൻ എന്നുപറയുന്നത് വിശ്വകർമ്മ സമുദായത്തിൽ ജനിച്ച ഒരു ആശാരിയാണ്. അദ്ദേഹത്തിന്റെ ഭാര്യ ശ്രീദേവി. ഇവരുടെ വിവാഹം നടന്നത് 1998 മാർച്ച് 15-നാണ്. ഇവരുടെ ഏക കുഞ്ഞിന്റെ 28 നടത്തേണ്ടത് ഈ കഴിഞ്ഞ 30-ാം തീയതിയായിരുന്നു. ജനരോക്ഷം ആളിക്കത്തിയപ്പോൾ 30-ാം തീയതി മാത്രമാണ് മോഹനന് എതിരായി കീഴ്വായ്പ്പൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. മോഹനൻ ചെയ്ത കുറ്റകൃത്യത്തോട് പ്രതിപക്ഷം യോജിക്കുന്നില്ല. യാതൊരു തരത്തിലും യോജിക്കുന്നില്ല. എന്നാൽ ആ കുറ്റത്തിന് കീഴ്വായ്പ്പൂർ പോലീസ് നല്കിയ ശിക്ഷ അതികഠിനമായിപ്പോയി. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് സ്ഥിതി? പോലീസിന്റെ അതിക്രൂരമായ മർദ്ദനത്തിൽ മോഹനൻ മരിക്കുവാൻ ഇടയായിട്ടും വ്യാജ രേഖകൾ ഉണ്ടാക്കി കണ്ടാലറിയാവുന്ന 50 പേരുടെമേൽ കേസ്സ് എടുക്കുവാനുള്ള നീക്കങ്ങൾ നടക്കുകയാണ്. ഈ സംഭവത്തെ എത്ര ലാഘവത്തോടുകൂടിയാണ് ഗവണ്മെന്റ് കാണുന്നത് എന്നതിന് ഏറ്റവും വലിയ ഉദാഹരമാണ്. ഗവൺമെന്റ് ഈ സംഭവം കൈകാര്യം ചെയ്ത രീതി ഈ ഗവണ്മെന്റിന്റെ കാലത്ത് ലോക്കപ്പ് മരണങ്ങൾ നിരവധി ഉണ്ടായപ്പോൾ ബഹു. മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ ഞാൻ ഓർക്കുന്നു. അത് ഈ ഗവണ്മെന്റിന്റെ നയമല്ല എന്നും അന്യായമായി തടവിൽവയ്ക്കുന്നതും മർദ്ദിക്കുന്നതും അതീവ ഗുരുതരമായി കാണുമെന്നും ബഹു.മുഖ്യമന്ത്രി തങ്ങൾകുഞ്ഞ് മുസ്ലിയാരുടെ സംഭവത്തിനുശേഷം പറഞ്ഞത് ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ ഈ സംഭവം അതീവഗുരുതരമായി കാണുവാൻ ബഹു. മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ല. ചെയതത് എന്താണെന്ന് അറിയാമോ? തിരുവല്ല ആർ.ഡി.ഒ. യെക്കൊണ്ട് അന്വേഷണം നടത്തുവാനും എസ്.ഐ. യെ സസ്പെന്റ് ചെയ്യുവാനും തീരുമാനിച്ചു. വില്ലേജ് ഓഫീസർ ഉണ്ടായിരുന്നുവെങ്കിൽ ഈ ഗവണ്മെന്റ് വില്ലേജ് ഓഫീസറെക്കൊണ്ട് അന്വേഷണം നടത്തുവാൻ തയ്യാറാകുമായിരുന്നു. അവിടെ ഇല്ലായിരിക്കാം. അതുകൊണ്ടാണ് ഇത്ര വലിയ ഗുരുതരമായ വിഷയത്തെപ്പറ്റി അന്വേഷിക്കാൻ തിരുവല്ല ആർ.ഡി.ഒ. യെ ചുമതലപ്പെടുത്തിയത്. എന്ത് കാരണത്താലാണ് എസ്.ഐ. യെ സസ്പെന്റ് ചെയ്തത്? ബഹു. മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞ കാര്യങ്ങൾ തെറ്റാണെന്ന് ഈ സസ്പെൻഷനിലൂടെ തെളിയുന്നു. അന്യായമായി തടങ്കലിൽവച്ചതിന്റെ പേരിൽ ഈ എസ്.ഐ.യെ സസ്പെന്റ് ചെയ്തത് ബഹു. മുഖ്യമന്ത്രി പരിശോധിക്കണം. 3 മണിക്ക് കീഴ്വായ്പ്പൂർ പോലീസ് സ്റ്റേഷനിൽ അറസ്റ്റ് ചെയ്ത പ്രതിയെ പിറ്റേദിവസം 2 മണിക്ക് ആശുപത്രിയിൽ കൊണ്ടുപോയി എന്നാണ് പറഞ്ഞത്. ക്രിമിനൽ നടപടി നിയമം 57-ാം വകുപ്പ് അനുസരിച്ച് 24 മണിക്കൂറിൽ കൂടുതൽ തടങ്കലിൽ പാർപ്പിക്കുവാൻ കഴിയുകയില്ല എന്നുള്ള വസ്തുത മറികടക്കുവാൻവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 12 മണിക്ക് പോലീസ് അറസ്റ്റ് ചെയ്ത പ്രതിയെ 3 മണിക്കാണ് അറസ്റ്റ് ചെയ്തതെന്ന് ഇവിടെ സൂചിപ്പിച്ചത്. പക്ഷേ ഇന്നത്തെ പത്രങ്ങളിൽ പറയുന്നത് എസ്.ഐ. യെ സസ്പെന്റ് ചെയ്തത് പ്രതിയെ അന്യായമായി തടങ്കലിൽവച്ചതിന്റെ പേരിലാണ്. കാരണം ക്രിമിനൽ നടപടി നിയമം 57-ാം വകുപ്പ് അനുസരിച്ച് 24 മണിക്കൂറിലേറെ അറസ്റ്റുചെയ്യുന്ന പ്രതിയെ കസ്റ്റഡിയിൽ സൂക്ഷിക്കുവാൻ കഴിയുകയില്ല എന്ന നിയമം ലംഘിച്ചതിന്റെ പേരിലാണ് എസ്.ഐ. യെ സസ്പെന്റ് ചെയ്തത്. ക്രൂരമായ മർദ്ദനത്തിന്റെ പേരിൽ മോഹനൻ മരിക്കുവാൻ ഇടയായി. കൊലക്കുറ്റത്തിന് കേസ് എടുക്കണ്ടേ? 302-ാം വകുപ്പ് അനുസരിച്ച് എസ്.ഐ. യുടെയും പോലീസ് കോൺസ്റ്റബിൾമാരുടെയും പേരിൽ കേസ്സ് എടുക്കണ്ടേ? 342-ാം വകുപ്പ് അനുസരിച്ച് കേസ്സ് എടുക്കണ്ടേ? ഇതൊന്നും ചെയ്യാതെ ഇപ്പോൾ ചെയ്യാൻ പോകുന്നത് എന്താണെന്ന് അറിയാമോ? ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹു. ടി.എസ്. ജോണിന്റെ അഭിപ്രായം അറിയുവാൻ ആഗ്രഹമുണ്ട്. കണ്ടാലറിയാവുന്ന 50 പേരുടെ പേരിൽ ഇപ്പോൾ കള്ളക്കേസ്സ് എടുക്കുകയാണ്. ഇത് എന്ത് ന്യായമാണ്? 302-ാം വകുപ്പ് അനുസരിച്ച് കേസ്സ് എടുക്കുവാനുള്ള ഭാവമാണോ? എസ്.ഐ. യുടെ പേരിൽ കേസ്സില്ല. പോലീസ് കോൺസ്റ്റബിൾമാരുടെ പേരിൽ കേസ്സില്ല. അങ്ങ് ഞങ്ങളുടെ മുഖ്യമന്ത്രിയാണ്. അതിലുപരി അങ്ങ് ഒരു പിതാവാണ്. ഭർത്താവ് നഷ്ടപ്പെട്ട ഭാര്യ. അച്ഛനെ നഷ്ടപ്പെട്ട കുഞ്ഞ് അതാണ് സ്ഥിതി. എനിക്ക് ഒന്നുമാത്രമേ പറയുവാനുള്ളൂ. അങ്ങ് ഈ സഭയിൽ പലപ്പോഴും ലോക്കപ്പ് മരണങ്ങൾക്ക് എതിരെ കർശനമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞത് അങ്ങയുടെ മനസ്സിൽ ഉണ്ടെങ്കിൽ കൊലക്കുറ്റത്തിന് ഇൻഡ്യൻ ശിക്ഷാനിയമം 302-ാം വകുപ്പ് അനുസരിച്ച് കീഴ്വായ്പ്പൂർ

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷനിലെ എസ്.ഐ. യുടെയും കോൺസ്റ്റബിൾമാരുടെയും പേരിൽ കേസ്സെടുക്കാൻ തയ്യാറാകണം. ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ഈ സംഭവത്തെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തണം. ഈ ഗവണ്മെന്റിന്റെ ഭരണക്കാലത്ത് 15 ലോക്കപ്പ് മരണം ഉണ്ടായ സാഹചരത്തിൽ അടിയന്തിരമായി സഭ നിർത്തിവച്ച് ചർച്ചചെയ്ത് മേലിൽ ഇത്തരം കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് സംഭവിക്കാതിരിക്കുവാനുള്ള നടപടികൾക്ക് ബഹു. മുഖ്യമന്ത്രി തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ടി.എസ്. ജോൺ</u> : സർ, തിരുവല്ല എം.എൽ.എ. ശ്രീ. മാമ്മൻമത്തായി പറഞ്ഞ ചില കാര്യങ്ങളോട് ഞാൻ യോജിക്കുന്നു. മോഹനൻ മർദ്ദനമേറ്റാണ് മരണപ്പെട്ടത്. പോലീസ് കസ്റ്റഡിയിൽ ആയിരുന്നപ്പോൾത്തന്നെയാണ് മരണമടഞ്ഞത്. പോലീസുകാർ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിയിലാണ് മരണമടഞ്ഞത്. ആദ്യം സി.എം.എസ്. ഹോസ്പിറ്റലിൽ കൊണ്ടുപോയി. സി.എം.എസ്. ആശുപത്രിയിലെ ഡോക്ടർമാർ മെഡിക്കൽകോളേജിൽ എത്തിക്കണമെന്ന് പറഞ്ഞ ഉടനെ തന്നെ മെഡിക്കൽകോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുംവഴിയ്ക്കാണ് മോഹനൻ മരണമടഞ്ഞത്. ബഹു. മുഖ്യമന്ത്രി എസ്.ഐ. യെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്താമെന്നും 302-ാം വകുപ്പ് അനുസരിച്ച് കേസെടുക്കുവാൻ തീരുമാനിച്ചുവെന്നും പറഞ്ഞത് സ്വാഗതാർഹമാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : അങ്ങനെ പറഞ്ഞില്ല.

<u>ശ്രീ. ടി.എസ്. ജോൺ</u> : ഞാൻ കേട്ടത് അങ്ങനെയാണ്. അത് സ്വാഗതാർഹമായ കാര്യമാണ്. നാട്ടുകാരുടെ പേരിലല്ല. നാട്ടുകാർ കുറ്റമൊന്നും ചെയ്തിട്ടില്ല. മോഷ്ടാവിനെ പിടിച്ചു പോലീസിൽ ഏല്പിക്കുക മാത്രമാണ് അവർ ചെയ്തത്. പോലീസിന്റെ പേരിൽ 302-ാം വകുപ്പ് അനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്തു എന്നാണ് എനിക്ക് മുഖ്യമന്ത്രി പറഞ്ഞതിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞത്. രണ്ട് കാര്യത്തിൽ പോലീസ് കുറ്റകരമായ അനാസ്ഥ കാണിച്ചു. ഒന്ന്, പോലീസ് സമയത്ത് മോഹനനെ ആശുപത്രിയിൽ എത്തിച്ചില്ല. രണ്ട്, പോലീസ് മൃഗീയമായി മോഹനനോട് പെരുമാറി. അതിനാൽ ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ആളുകൾ സംതൃപ്തരല്ല. നിഷ്പക്ഷമായ ഒരു അന്വേഷണം ആവശ്യമാണ്. ക്രൈംബ്രാഞ്ചിനെക്കൊണ്ട് നിഷ്പക്ഷമായി അന്വേഷിച്ച് കുറ്റക്കാരുടെ .....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിച്ചാൽ പോരാ.

<u>ശ്രീ. ടി.എസ്. ജോൺ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ക്രൈംബ്രാഞ്ചിനെ നിങ്ങൾക്ക് വിശ്വാസമില്ലേ? പോലീസ് അല്ലാതെ ആരാണ് അന്വേഷിക്കേണ്ടത്? നാട്ടുകാർക്ക് അന്വേഷിക്കുവാൻ കഴിയുമോ? പോലീസ് കൊന്നാൽ ആരാണ് അന്വേഷിക്കേണ്ടത്? നിയമാനുസൃതമായ അന്വേഷണം ആവശ്യമാണ്. കുറ്റക്കാരെ കണ്ടുപിടിക്കുവാൻ നിഷ്പക്ഷമായ അന്വേഷണം നടത്തണം. കുറ്റക്കാർ ആരാണെന്ന് വ്യക്തമായി കണ്ടെത്തി ശക്തിയായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ആളുകൾ സംതൃപ്തരല്ല. നിഷ്പക്ഷമായ അന്വേഷണം നടത്തി ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി <u>(ശ്രീ. ഇ.കെ. നായനാർ)</u> : സ്പീക്കർ സർ, മോഹനനെ നാട്ടുകാർ പിടിച്ചുകെട്ടി ദേഹദണ്ഡം ഏല്പിച്ചു. അത് ഒരു ഭാഗത്ത്.

<u>ശ്രീ. ടി.എം. ജേക്കബ്</u> ; അത് പോലീസ് പറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : അല്ല സംഭവം നടന്നതാണ്. എനിക്ക് കിട്ടിയ ഒഫിഷ്യലും നോൺ ഒഫിഷ്യലുമായിട്ടുള്ള റിപ്പോർട്ടാണ്. എന്റെ റിപ്പോർട്ടാണ് ഞാൻ പറഞ്ഞത്. നിങ്ങളുടെ റിപ്പോർട്ടല്ല. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ റിപ്പോർട്ടല്ല. ശ്രീ. ആര്യാടൻ മുഹമ്മദ് അവിടെ ഇരിക്ക്. എന്റെ റിപ്പോർട്ട് ഞാൻ പറഞ്ഞതിലുണ്ട്. നാട്ടുകാരുടെ ഭാഗത്തുനിന്നും അതേ സമയം പോലീസ് സ്റ്റേഷനിൽവച്ചും ദേഹദണ്ഡം ഏല്പിച്ചു. പുറത്തുനിന്നും ദേഹദണ്ഡം ഏല്പിച്ചു. ഇത് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ റിപ്പോർട്ടല്ല. ഇത് എന്റെ റിപ്പോർട്ടാണ്. മുഖ്യമന്ത്രിയുടെ റിപ്പോർട്ടാണ്. ശ്രീ. ടി.എസ്. ജോണും ശ്രീ. മാമ്മൻ മത്തായിയും പറഞ്ഞത് പൂർണ്ണമായി ഞാൻ അംഗീകരിക്കുന്നില്ല. അതേസമയം അവർ രണ്ടുപേർ പറഞ്ഞതിലും സത്യമുണ്ട്. അതാണ് സ്ഥിതി. പൂർണ്ണമായിട്ട് അംഗീകരിക്കണമെന്നില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് അദ്ദേഹത്തിന്റെ വെർഷനാണ്. എന്റെ വെർഷനല്ല. അത് ഞാൻ അംഗീകരിക്കുന്നില്ല. ഞങ്ങൾ നോക്കിക്കൊള്ളാം. നിങ്ങൾ നോക്കണ്ട.

ശ്രീ. ആര്യാടൻ മുഹമ്മദ് : നിങ്ങൾ നോക്കിയാൽ മതിയോ? സഭയെ നോക്കണം.

ശ്രീ. ഇ.കെ. നായനാർ : രണ്ടുപേരു പറഞ്ഞതിലും സത്യമുണ്ട്. അസത്യവുമുണ്ട്. പൂർണ്ണമായിട്ട് അംഗീകരിക്കുവാൻ കഴിയാത്തതുമുണ്ട്. അപ്പോൾ ആ അടിസ്ഥാനത്തിൽ മോഹനന്റെ മരണത്തിൽ 302-ാം വകുപ്പനുസരിച്ച് കൊലക്കുറ്റത്തിന് കേസെടുത്തിട്ടുണ്ട്. ആരോപണത്തിന് ഇൻസ്പെക്ടറെ സസ്പെന്റു ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ, എസ്.ഐ. യെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണം നടക്കുകയാണ്. ശ്രീ. ജോൺ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്നതാണ്. അതാണു സ്ഥിതി. ഇവർ രണ്ടുപേരും പറഞ്ഞത് പൂർണ്ണമല്ല. അതേസമയം സത്യവുമുണ്ട് ..... (ബഹളം) .....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ ക്ഷേത്രഭരണത്തിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി

ശ്രീ. ബി. വിജയകുമാർ : സർ, ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ദേവസ്വംബോർഡുകളുടെ ഭരണമാകെ അവതാളത്തിലാക്കിയിരിക്കുകയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷമാണ് ഗുരുവായൂർ ദേവസ്വംബോർഡ് പുനഃസംഘടിക്കപ്പെട്ടത്. ശ്രീ. രാമൻ കർത്തായെയാണ് ചെയർമാനാക്കിയത്. ആ ദേവസ്വം ഭരണസമിതിക്കെതിരായി വിജിലൻസ് അന്വേഷണം ഏർപ്പെടുത്തിയതും ഈ ഗവണ്മെന്റാണ്. ഇവർ നോമിനേറ്റു ചെയത് ഭരണസമിതിക്കെതിരായി ഇവർ തന്നെ അഴിമതിയാരോപണം ഉന്നയിച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുകയും ആ ബോർഡിലെ ഓരോ അംഗങ്ങളും രാജിവച്ച് എല്ലാ അംഗങ്ങളും ഒഴിവാകുകയും ചെയ്തു. കൊച്ചി ദേവസ്വംബോർഡിൽ പ്രസിഡന്റ് ഒഴികെ രണ്ട് അംഗങ്ങൾ നിലവിലില്ല. കൊച്ചി ദേവസ്വംബോർഡ് പ്രസിഡന്റ് തന്നെ ഹൈക്കോടതിയുടെ ഉത്തരവ് നിരസിച്ചതിനെ തുടർന്ന് ഇല്ലാതായി. കൊച്ചി ദേവസ്വം ബോർഡിൽ ഭരണസ